പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാംസമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ :587</u> <u>08.07.2014 ൽ മറുപടിക്ക്</u>

## ജയിലുകളിൽ കഴിയുന്ന വിദേശികൾ

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>,, എൻ.ഷംസുദ്ദീൻ<br>,, കെ.മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ശിക്ഷാകാലാവധി പൂർത്തിയായി മോചനം കാത്ത് ജയിലുകളിൽ കഴിയുന്ന വിദേശികളെ സ്വന്തം നാടുകളിലേയ്ക്ക് തിരിച്ചയക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) ശിക്ഷാകാലാവധി പൂർത്തിയായ വിദേശ തടവുകാരുടെ വിവരങ്ങൾ മുൻകൂട്ടി ജില്ലാ പോലീസ് മേധാവി/പോലീസ് കമ്മീഷണറേയും, കേസുമായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും അറിയിച്ചശേഷം ജയിൽ മോചിതരാകുന്ന വിദേശ തടവുകാരുടെ ഡിപ്പോർട്ടേഷന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശ തടവുകാരുടെ എമിഗ്രേഷൻ രേഖകൾ തയ്യാറാക്കുന്നതിലേയും വിമാനയാത്രാ സൗകര്യം ലഭ്യമാക്കുന്നതിലേയും താമസം മൂലമാണ് പലപ്പോഴും ഒരു മാസമോ അതിലധികമോ സമയം ഇതിനായി ആവശ്യമായി വരുന്നത്. |
| (ബി) യാത്രാരേഖകളില്ലെന്ന പേരിൽമോചനം തടസ്സപ്പെട്ടവരുടെ കാര്യത്തിൽ എന്തുനടപടിസ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇത്തരക്കാരെ എത്രയും വേഗം സ്വന്തംനാടുകളിലേയ്ക്ക് തിരിച്ചയയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) കേരളത്തിലെ ജയിലുകളിൽ ഇപ്പോൾ നിലവിലുള്ള വിദേശികളുടെ ഡിപ്പോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽ തന്നെയാണ് അവർ കഴിയുന്നത്. ജയിൽ മോചിതരായ വിദേശ പൗരന്മാരെ ഡിപ്പോർട്ടേഷൻ നടപടികൾ പൂർത്തിയാകുന്നതു വരെ പാർപ്പിക്കാൻ വിയ്യൂർ സെൻട്രൽ ജയിലിനോടനുബന്ധിച്ച് ഒരു ഡിറ്റൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

ബന്ധപ്പെട്ട എംബസികൾ മുഖേന ഇത്തരക്കാരെ സ്വന്തം നാടുകളിലേക്ക് തിരിച്ചയക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻഓഫീസർ